(ബി) അധിക തസ്തികകൾ കണ്ടെത്തിയിട്ടില്ല.

(സി&ഡി) ബാധകമല്ല.

(ഇ) തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിന് വകുപ്പുതലത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

**കോഴിക്കോട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ**

60 (4990) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-6-2014-ൽ കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിലായി എൽ.ഡി. ക്ലാർക്ക് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എൽ.ഡി. ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കാൻ സർക്കാരിന്റെ പരിഗണനയിലുള്ള എൽ.എസ്.ജി.ഡി., ഗ്രാമവികസനം, ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയവയിലെയും പുതുതായി തുടങ്ങിയ സർക്കാർ കോളേജുകളിലെയും എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ ഒഴിവുകൾ നിലവിലുള്ള റാങ്ക്‌ലിസ്റ്റിൽനിന്ന് നികത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ**

61 (4991) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) മെഡിക്കൽ ഓഫീസർമാരുടെ 11 ഒഴിവുകൾ നിലവിലുണ്ട്.

(സി) മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly